ദേശാഭിമാനി

07 October 2023

■ 10 മുതൽ 13 വരെ

# അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ് കൊച്ചിയിൽ

സ്വന്തം ലേഖകൻ

കൊച്ചി

പതിനാറാമത് അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ് 10ന് ലേ മെറിഡിയൻ ഹോട്ടലിൽ കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല ഉദ്ഘാടനം ചെയ്യും. 13 വരെയാണ് സമ്മേളനം. കേരളത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന സമ്മേളനത്തിന് ആതിഥ്യമേകുന്നത് സിഎംഎഫ്ആർഐയാണ്.

ലോക ബാങ്ക് ലീഡ് ഇക്കണോമിസ്റ്റ് ഡോ. മാധുർ ഗൗതം, ഭാരത് ബയോടെക് എംഡി ഡോ. കൃഷ്ണ എല്ല, കാർഷിക വില കമീഷൻ ചെയർമാൻ ഡോ. വിജയ് പോൾ ശർമ, ഡോ. പ്രഭു പിൻഗാളി, ഡോ. റിഷി ശർമ, ഡോ. കടമ്പോട്ട് സിദ്ദിഖ് തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും. പോഷകാഹാരക്കുറവ്, കാലാവസ്ഥാവ്യതിയാനം, ജനിതകവിളകൾ, മൃഗസംരക്ഷണം, മീൻകൃഷി, ഭക്ഷ്യസംസ്കരണം, ഡിജിറ്റൽ കൃഷി, നിർമിത ബുദ്ധി അധിഷ്ഠിത കാർഷികവൃത്തി തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യും.

കർഷകസംഗമത്തിൽ പത്മ പുരസ്കാര ജേതാക്കൾ ഉൾപ്പെടെയുള്ളവർ അനുഭവങ്ങൾ പങ്കുവയ്ക്കും. ആയിരത്തഞ്ഞൂറിലേറെ പ്രതിനിധികൾ പങ്കെടുക്കും. സർക്കാർ, സ്വകാര്യ മേഖലകളിലെ ഗവേഷണ സ്ഥാപനങ്ങളുടെയും സർവകലാശാലകളുടെയും നൂതന കാർഷിക സാങ്കേതികവിദ്യകൾ പ്രദർശിപ്പിക്കുന്ന അഗ്രി എക്സ്പോയും ഇതോടനുബന്ധിച്ചുണ്ടാകും.